## പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1781 | 14.08.2017-ൽ മറുപടിക്ക് |
|---|---|

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാജൻ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | എസ്.പി.സി-യുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:<br>1) നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.<br>2) വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.<br>3) വിദ്യാർത്ഥികളിൽ സാമൂഹ്യപ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക.<br>4) സാമൂഹിക തിൻമകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.<br>5) ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാന പാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.<br>6) എൻ.സി.സി, എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് |

| | | | |
|---|---|---|---|
| | | | പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.<br>7) വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരേ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക.<br>8) സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.<br>9) സ്വഭാവശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.<br>10) സമൂഹത്തിന്റെ സർവ്വോൻമുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക. |
| (ബി) | ഒല്ലൂർ നിയോജക മണ്ഡലത്തിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | ഒല്ലൂർ നിയോജക മണ്ഡലത്തിലെ മൂന്ന് സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.<br>1. ഗവ. ഹയർ സെക്കൻഡറി സ്കൂൾ, പട്ടിക്കാട്<br>2. ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, പുത്തൂർ.<br>3. ഗവ. ഹയർ സെക്കന്ററി സ്കൂൾ, പീച്ചി. |
| (സി) | ഈ പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ച് പ്രവർത്തിച്ചുവരുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കേഡറ്റുകൾക്ക് ഓരോ വർഷവും യൂണിഫോം, ഭക്ഷണം എന്നിവയ്ക്കായി നിശ്ചിത തുക അനുവദിച്ചു വരുന്നുണ്ട്. എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കേഡറ്റുകൾക്ക് സർക്കാർ ഉത്തരവ് നം. (കൈ) |

| | | | |
|---|---|---|---|
| | | | 214/2012/ആഭ്യ. തീയതി 04.08.2012 പ്രകാരം പൊതു പരീക്ഷകളിൽ 5% ഗ്രേസ് മാർക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ